**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം: 1447

13.06.2014 ലെ
മറുപടിയ്ക്ക്

## ന്യൂനപക്ഷക്ഷേമ പദ്ധതികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പു മന്ത്രി) |
| (എ) ന്യൂനപക്ഷ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നത്; വിശദമാക്കുമോ ; | (എ) | 1. കോളേജ് വിദ്യാഭ്യാസ വകുപ്പ് മുഖേന നടപ്പാക്കി വരുന്ന സി.എച്ച്.മുഹമ്മദ്കോയ മുസ്ലീം ഗേൾസ് സ്കോളർഷിപ്പ് (തുടർ പദ്ധതി)<br>2. യു.പി.എസ്.സി, പി.എസ്.സി, ബാങ്കിംഗ് സർവ്വീസ് പരീക്ഷകൾക്ക് ഹ്രസ്വകാല പരിശീലനം നൽകുന്നതിന് മുസ്ലീം യുവജനതയ്ക്കായുള്ള പരിശീലന കേന്ദ്രങ്ങൾ (സംസ്ഥാനത്തെ 14 ജില്ലകളിലായി 16 കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു.) കൂടാതെ സ്ഥലം, പശ്ചാത്തല സൗകര്യങ്ങൾ എന്നിവ സൗജന്യമായി നൽകുന്ന ന്യൂനപക്ഷ സ്ഥാപനങ്ങൾ/ സംഘടനകൾ മുഖേന പരിശീലന ഉപകേന്ദ്രങ്ങളും പ്രവർത്തിച്ചു വരുന്നു.<br>3. മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പെൻഷൻ പദ്ധതി (തുടർ പദ്ധതി)<br>കൂടാതെ സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്ന വിവിധ പദ്ധതികളും നടപ്പാക്കി വരുന്നു.<br><br>നടപ്പ് വർഷം താഴെ ചേർത്ത പദ്ധതികൾ നടപ്പാക്കി വരുന്നു.<br>(i) ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ ജലവിതരണ പദ്ധതി<br>(ii) സി.എ/ഐ.സി.ഡബ്ല്യു.എ/ സി.എസ് കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ്<br>(iii) ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ് പദ്ധതി.<br>(iv) ദ്വിവൽസര ഐ.റ്റി.സി കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ ബി.പി.എൽ വിദ്യാർത്ഥികൾക്ക് ഫീ-റീഇംബേഴ്സ്മെന്റ് സ്കീം.<br>(v) ന്യൂനപക്ഷവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഗവേഷണത്തിന് ഷോർട്ട് ടേം റിസർച്ച് ഫെല്ലോഷിപ്പ്.<br>(vi) ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവകൾക്ക്/ വിവാഹമോചിതർക്ക് ഭവന പദ്ധതി<br>(vii) വയനാട് ജില്ലയിലെ നാല് ബ്ലോക്കുകൾ, മലപ്പുറം ജില്ലയിലെ പൊന്നാനി ടൗൺ എന്നിവിടങ്ങളിൽ നടപ്പിലാക്കുന്ന ബഹുമുഖ വികസന പദ്ധതി. (എം.എസ്.ഡി.പി)<br>(viii) കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന് ഷെയർ ക്യാപിറ്റൽ നൽകുന്ന പദ്ധതി. |

(ബി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത പദ്ധതികളുടെ പ്രയോജനം എത്രപേർക്ക് ലഭിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി)

1. സർക്കാർ/ എയ്ഡഡ് സ്ക്കൂളുകളിൽ ഗേൾഫ്രണ്ട്ലി ടോയ്ലറ്റ് (2011-12) നിർമ്മിക്കുന്നതിനുള്ള പദ്ധതിയിൽ–792 ടോയ്ലറ്റ് നിർമ്മിച്ചു.
2. സി.എച്ച്.മുഹമ്മദ്കോയ സ്കോളർഷിപ്പ് പദ്ധതിയിൽ ബിരുദം/ബിരുദാനന്തര ബിരുദ /പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷവിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് ഓരോ വർഷവും ശരാശരി 6000 പേർക്ക് സ്കോളർഷിപ്പ് നൽകി വരുന്നു.
3. ന്യൂനപക്ഷ വനിതാ സ്വയംസഹായസംഘങ്ങൾക്ക് സ്വയം തൊഴിൽ സംരംഭം തുടങ്ങുന്നതിന് സഹായം നൽകുന്ന പദ്ധതിയിൽ (2012-13) 46 ഗ്രൂപ്പുകൾക്ക് ധനസഹായം നൽകി.
4. 9–ാം ക്ലാസ്സിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകുന്ന പദ്ധതി (2012-13) പ്രകാരം 7175 പേർക്ക് കസേരയും മേശയും നൽകി.
5. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട 40 വനിതകൾക്ക് ബാത്തിക് പെയിന്റിംഗിൽ (അറബി കാലിഗ്രാഫി) സൗജന്യ പരിശീലനം നൽകി.
6. സി.എ/ഐ.സി.ഡബ്ല്യൂഎ/സി.എസ് തുടങ്ങിയ കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് സ്കോളർഷിപ്പ് - 198 പേർക്ക്
7. ന്യൂനപക്ഷ മത വിഭാഗത്തിൽപ്പെടുന്ന വിധവകൾക്കും വിവാഹബന്ധം വേർപ്പെടുത്തിയ സ്ത്രീകൾക്കുമുള്ള ഭവന നിർമ്മാണ പദ്ധതി - 950 കുടുംബങ്ങൾക്ക്
8. കരിയർഗൈഡൻസ് പദ്ധതി - 11387 പേർക്ക്
9. ഐ.റ്റി.സി-യിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഫീ-റീഇംബേഴ്സ്മെന്റ് പദ്ധതി - 1250 പേർക്ക്
10. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലെ കടിവെള്ള പദ്ധതി - ഏകദേശം 20000 കുടുംബങ്ങൾക്ക്
11. ഹ്രസ്വകാല ഗവേഷണത്തിനുള്ള ഫെല്ലോഷിപ്പ് - 9 പേർക്ക്
12. ബഹുമുഖ വികസന പദ്ധതി (എം.എസ്.ഡി.പി)- വയനാട് ജില്ലയിലെ കൽപ്പറ്റ, മാനന്തവാടി, പനമരം, സുൽത്താൻ ബത്തേരി പ്രദേശങ്ങളിലെ മുഴുവൻ കുടുംബങ്ങൾക്കും

(സി) ന്യൂനപക്ഷ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ പൊതുജനങ്ങളിൽ എത്തിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

(സി) ന്യൂനപക്ഷക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ പൊതുജനങ്ങളിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ